## 13-ാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5464** **01.07.2014-ൽ മറുപടിയ്ക്ക്**

## ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എളമരം കരീം** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) | ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ് 2011--2012, 2012-13 വർഷങ്ങളിൽ എത്ര തുക വീതം നഷ്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | സെയിൽ -എസ്.സി.എൽ കേരള ലിമിറ്റഡ് (സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്) 2011-2012 ൽ 471.38 ലക്ഷം രൂപയുടെയും 2012-13 ൽ 326.79 ലക്ഷം രൂപയുടേയും നഷ്ടത്തിലാണ് പ്രവർത്തിച്ചത്. |
| (ബി) | പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം ഈ കമ്പനിയുടെ ശേഷി പൂർണ്ണമായി ഉപയോഗിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കമ്പനിക്ക് പ്രവർത്തന മൂലധനം നൽകാൻ നടപടി കൈക്കൊള്ളുമോ; | (സി) | സെയിൽ -എസ്.സി.എൽ കേരള ലിമിറ്റഡിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി റീ-റോളിംഗ് മിൽ സ്ഥാപിച്ചു വരികയാണ്. ഇതിനുവേണ്ടിയുള്ള കേരള സർക്കാർ വിഹിതം 2012-2013 ൽ തന്നെ നൽകിയിട്ടുണ്ട്. അതുകൂടാതെ 2012-13 ൽ ജീവനക്കാരുടെ ബാദ്ധ്യതകൾ തീർക്കുന്നതിനായി 332.7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതുതായി നിലവിൽ വന്ന സംയുക്ത സംരംഭത്തിന് കൂടുതൽ ധനസഹായം നൽകുന്ന കാര്യം സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. |
| (ഡി) | സ്റ്റീൽ -കോംപ്ലക്സ് -സെയിൽ സംയുക്ത സംരംഭ കരാറനുസരിച്ച്, റീ-റോളിംഗ് മിൽ സ്ഥാപിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണ്? | (ഡി) | റീ-റോളിംഗ് മിൽ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സിവിൽ വർക്ക് 40% ത്തിലധികം പൂർത്തിയായിട്ടുണ്ട്. മില്ലിന് ആവശ്യമായ 75% ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**